തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

ഫെബ്രുവരി 2025

MLSPCW2401

# സാഹിത്യപഠനം

## ഗവേഷണരീതിശാസ്ത്രം

**സമയം : 3 മണിക്കൂർ**
**മാർക്ക് : 100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.** **(8*5 = 40)**

1. മലയാള ഗവേഷണ രീതിശാസ്ത്ര കൃതികൾ ഗവേഷണത്തിന് നൽകുന്ന നിർവചനങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.
2. അന്തർവൈജ്ഞാനിക–ബഹുവൈജ്ഞാനിക ഗവേഷണ രീതികളെക്കുറിച്ച് ഉപന്യസിക്കുക.
3. രീതിയും രീതിശാസ്ത്രവും വ്യത്യസ്തമാകുന്നത് എങ്ങനെ – ചർച്ച ചെയ്യുക.
4. ഗവേഷപ്രബന്ധരചനയുടെ സവിശേഷ ഘടകങ്ങൾ എതെല്ലാമെന്നു വിശദമാക്കുക.
5. സാഹിത്യ നിരൂപണവും സാഹിത്യ ഗവേഷണവും തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുക.
6. മലയാളത്തിലെ ഔപചാരിക ഗവേഷണത്തിന്റെ ചരിത്രം വിവരിക്കുക.
7. സാഹിത്യ ഗവേഷണത്തിൽ സമകാല സാധ്യതകൾ എത്രത്തോളമുണ്ട് ? ചർച്ച ചെയ്യുക.
8. ഗവേഷണ വിഷയം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന വസ്തുതകൾ ചുരുക്കി എഴുതുക.
9. ഗവേഷണപ്രബന്ധത്തിൽ കുറിപ്പുകളുടെ ഉപയോഗവും പ്രസക്തിയും വിശദമാക്കുക.
10. M L A , A P A രീതിയെക്കുറിച്ച് വിശദീകരിക്കുക.

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.** **(3*20=60)**

11. സാഹിത്യചരിത്രം, വിമർശനം എന്നിവയിൽ നിന്ന് ഗവേഷണം വ്യത്യസ്തമാകുന്നതെങ്ങനെ? – ചർച്ച ചെയ്യുക.
12. ഗവേഷണ രീതിശാസ്ത്രങ്ങളെ അടിസ്ഥാനമാക്കി മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രധാന ഗ്രന്ഥങ്ങളേയും സമീപനങ്ങളേയും വിശകലനം ചെയ്യുക.
13. സങ്കൽപനങ്ങൾക്കും സിദ്ധാന്തങ്ങൾക്കും ഗവേഷണത്തിലുള്ള പ്രസക്തിയെന്ത്? മാതൃകകൾ മുൻനിർത്തി ചർച്ച ചെയ്യുക.
14. ദത്ത ശേഖരണത്തിന്റെ വിവിധമാർഗ്ഗങ്ങളെക്കുറിച്ച് മലയാള മാതൃകകൾ മുൻനിർത്തി ഉപന്യസിക്കുക.

******